നേരിടേണ്ടിവന്നിരുന്ന പലർക്കും അദ്ദേഹം നല്കിയ ആശ്വാസം അപരിമിതമായിരുന്നു.

ക്രമേണ ഒരു ഐതിഹ്യപുരുഷന്റെ പ്രഭാമണ്ഡലം അദ്ദേഹം ആർജിച്ചതു് ഇങ്ങനെയാണ്. ഏതു കാര്യത്തിലുമുള്ള അദ്ദേഹത്തിന്റെ കണിശവും ചിട്ടയും ജനങ്ങളുടെ ആദരാത്ഭുതങ്ങൾ പിടിച്ചുപററി. എം. സി. യുടെ ദിനചര്യകൾ നോക്കി വാച്ചിലെ സമയം ശരിപ്പെടുത്താമെന്നു് ഇരിങ്ങാലക്കുടയിലെ ഒരു സുഹൃത്തു് പണ്ടു പറഞ്ഞതു ഞാനിപ്പോഴും ഓർക്കുന്നു.

ഇക്കഴിഞ്ഞ ഒക്ടോബർ 26-ാം തീയതി അദ്ദേഹം അന്തരിച്ചു. അനശ്വരമായ ആത്മാവിൽ വിശ്വസിക്കാതിരുന്ന അദ്ദേഹത്തിന്റെ മരണാനന്തരം ചടങ്ങു പ്രകാരമുള്ള ശവസംസ്കാരം നടത്തുന്നതു വിരോധിച്ചിരുന്നു. ശവശരീരത്തിൽ പുഷ്പങ്ങൾ അർപ്പിക്കുന്നതിനുപോലും അദ്ദേഹം എതിരായിരുന്നു. ജീവനററ ശരീരംകൊണ്ടു് സമൂഹത്തിനു ലഭിക്കാവുന്ന ഏററവും മികച്ച നേട്ടം, വിദ്യാർത്ഥികൾക്കു ശരീരസംരചന പഠിക്കുന്നതിനു് അതു് ഉപയോഗപ്പെടുത്താമെന്നതാണല്ലോ. പുലിയുടെ വിശപ്പു മാററാൻ സ്വശരീരം സമർപ്പിച്ച ബോധിസത്വനെപ്പോലെ, വിദ്യാർത്ഥികളുടെ ജ്ഞാനതൃഷ്ണ ശമിപ്പിക്കാൻ അദ്ദേഹം തന്റെ ശരീരം വിട്ടുകൊടുത്തു. അങ്ങനെയാണു് ആ ശരീരം വിദ്യാർത്ഥികളുടെ 'കഡാവർ' ആയി മാറിയതു്.

ധീരനായ ഈ യുക്തിവാദിയുടെ ചരമത്തെപ്പററി എഴുതുമ്പോൾ ഉപനിഷത്തിലെ ഒരു പദ്യം ഞാൻ ഉദ്ധരിക്കുന്നതു വായനക്കാർ പൊറുക്കുമാറാകണം:

'വായുരനിലമമൃതം
അഥേദം ഭസ്മാന്തം ശരീരം
ഓം ക്രതോസ്മര കൃതംസ്മര
ക്രതോസ്മര കൃതംസ്മര.'

'പ്രാണവായു നിത്യമായ പ്രപഞ്ചവായുവിൽ ലയിച്ചു കഴിഞ്ഞു. പിന്നീടു് ഈ ശരീരം ഭസ്മമായി അവസാനിച്ചു. അല്ലയോ ചിന്താശീലനായ മനുഷ്യാ, ഇനി നീ മരിച്ചുപോയ ഈ വ്യക്തി ചെയ്ത കർമങ്ങളെ ഓർമിക്കുക!'

അഭിവന്ദ്യനായ എം. സി., അങ്ങയുടെ മഹനീയങ്ങളായ കർമങ്ങളെ ഞങ്ങൾ ഓർമിക്കുന്നു.

2 നവംബർ, 1981

# 99. കെ. പി. കേശവമേനോൻ: കേരളത്തിന്റെ കാരണവർ

1978 സെപ്തംബർ 1-ാം തീയതി ശ്രീ കെ. പി. കേശവമേനോനു് തൊണ്ണൂററിരണ്ടു വയസ്സു തികയും. തൊണ്ണൂററിരണ്ടു വയസ്സു തികഞ്ഞവർ കേരളത്തിൽ വേറെയും ധാരാളമുണ്ടായിരിക്കാം. എന്നാൽ, കേശവമേനോനെപ്പോലെ ഒരാൾ കേശവമേനോൻ മാത്രമേയുള്ളു.

'എനിക്കു വയസ്സായെങ്കിലും ഞാൻ വയസ്സനായിട്ടില്ല' എന്നു് കേശവമേനോൻ സാധാരണ പറയാറുണ്ടു്. ഏതാനും വർഷം മുമ്പുവരെ ഇതു് ഏറെക്കുറെ ശരിയായിരുന്നു. ഇരുപതു വർഷം മുമ്പു്, 1958-ൽ അദ്ദേഹത്തിന്റെ കാഴ്ചശക്തി മങ്ങി എന്നതു ശരിയാണു്. പിന്നീടതു പൂർണ

മായ ആന്ധ്യംതന്നെയായിത്തീർന്നു. എന്നാലും അഞ്ചു വർഷം മുമ്പ്, 1973 ഒക്ടോബർ 1-ാം തീയതി പെട്ടെന്ന് ശരീരത്തിന്റെ ഒരു ഭാഗത്തു തളർച്ചയും ഓർമശക്തിക്കു ക്ഷയവും ഉണ്ടാവുംവരെ, അദ്ദേഹം അരോഗദൃഢഗാത്രൻതന്നെയായിരുന്നു. ഒന്നൊന്നര മാസത്തെ ചികിത്സയും വിശ്രമവുംകൊണ്ട് അന്നത്തെ രോഗത്തിൽനിന്നു പൂർണമായി മുക്തി നേടിയെങ്കിലും, വാർദ്ധക്യം അദ്ദേഹത്തെ പിന്നീടു കുറേശ്ശെക്കുറേശ്ശെയായി ആക്രമിക്കാൻ തുടങ്ങി. ഇപ്പോൾ അദ്ദേഹത്തിന്റെ ശരീരത്തിൽ ചുളിവുകൾ വീണിരിക്കുന്നു. കോണി കയറുവാൻ പ്രയാസമുണ്ട്. ഭക്ഷണത്തിൽ പണ്ടത്തെ താല്പര്യം ഇന്നില്ല. മുഖത്തു ക്ഷീണത്തിന്റെ ലക്ഷണങ്ങൾ കാണാം.

എങ്കിലും, അസാധാരണമായ ആ മേധാശക്തിക്കു കുറവൊന്നുമില്ല. സംഭവങ്ങളും അനുഭവങ്ങളും കണക്കുകളും തുടർച്ചയായി ഓർമിക്കാൻ കേശവമേനോനു് ഒരു പ്രയാസവുമില്ല. പരിചയമുള്ള ആരെ, എവിടെവെച്ച്, എപ്പോൾ കണ്ടാലും അദ്ദേഹം അവരുടെ കുടുംബത്തിലെ എല്ലാ വ്യക്തികളുടേയും, തങ്ങൾക്ക് ഇരുവർക്കും ഒരുപോലെ പരിചയമുള്ള മററു് ആളുകളുടെയും, വർത്തമാനങ്ങൾ താല്പര്യത്തോടെ ഇന്നും അന്വേഷിക്കുന്നു. ആളുകളുടെ പേരു വിളിക്കുന്നതിൽ നിസ്സാരമായ തെററുപോലും അദ്ദേഹം വരുത്തുന്നില്ല. അദ്ദേഹത്തിന്റെ ശബ്ദത്തിനും യാതൊരു തളർച്ചയുമില്ല. അദ്ദേഹത്തെ നേരിൽ കാണാതെ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുന്നവർക്ക്, തൊണ്ണൂററിരണ്ടു തികഞ്ഞ ഒരു വൃദ്ധനാണു സംസാരിക്കുന്നതെന്നു് വിശ്വസിക്കുക പ്രയാസംതന്നെ. ഇടവിടാതെ ഇപ്പോഴും അദ്ദേഹം സഞ്ചരിക്കുകയും പല പൊതുപരിപാടികളിൽ പങ്കെടുക്കുകയും ചെയ്യുന്നു. ഈ യാത്രകളിൽ അദ്ദേഹം തന്റെ വിശ്വസ്ത സഹചരനായ ശ്രീനിവാസന്റെ സഹായം മാത്രമേ ആവശ്യപ്പെടുന്നുള്ളു. 'മാതൃഭൂമി'യുടെ ചീഫ് എഡിററർ എന്ന ചുമതലയേറിയ പദവി, ആലങ്കാരികമായല്ലാതെ യഥാർത്ഥമായിത്തന്നെ, ഇന്നും അദ്ദേഹം വഹിക്കുന്നു. കോഴിക്കോട്ടുള്ള ദിവസങ്ങളിൽ ഇപ്പോഴും അദ്ദേഹം ദിവസേന ആപ്പീസിൽ പോകുന്നു; പത്രത്തിന്റെ മുഖപ്രസംഗം വായിച്ചു കേൾക്കുന്നു; പ്രധാന പ്രശ്നങ്ങൾ സംബന്ധിച്ച നിർദേശങ്ങൾ മററു പ്രവർത്തകർക്കു നല്കുന്നു; തനിക്കുവരുന്ന വൈയക്തികങ്ങളായ കത്തുകൾ വായിച്ചുകേട്ട് ഉടനുടൻ മറുപടി അയയ്ക്കുന്നു. ചെയ്യേണ്ടതായി വേറെ എന്തെങ്കിലുമുണ്ടെങ്കിൽ അതു ചെയ്യുന്നു. അദ്ദേഹത്തിനു് എഴുതിയിട്ടു മറുപടി കിട്ടിയില്ലെന്ന ആവലാതി ഇതുവരെ ആരിൽനിന്നും ഞാൻ കേട്ടിട്ടില്ല. ഇപ്പോഴും ദിവസേന എട്ടോ പത്തോ മണിക്കൂർ അദ്ദേഹം ജോലി ചെയ്യുന്നു. രാത്രി ഒമ്പതു മണിമുതൽ രാവിലെ ആറുമണിവരെയും, ഉച്ചയ്ക്കു് ഒരു മണിമുതൽ നാലു മണിവരെയും സുഖമായി ഉറങ്ങുന്നു. ധാരാളം ലേഖനങ്ങൾ എഴുതുന്നു. 'കഴിഞ്ഞ കാലം' എന്ന തന്റെ ആത്മകഥ സമകാലത്തോടൊപ്പമെത്തിക്കുന്നതിനു് ഏതാനും അദ്ധ്യായങ്ങൾ, 'നവഭാരത ശില്പികൾ' എന്ന പരമ്പരയിൽ ഏതാനും ജീവചരിത്രങ്ങൾ എന്നിവയുടെ നിർമാണവും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. തന്റെയും തന്റെ ചുററുമുള്ളവരുടെയുമെന്നപോലെ രാജ്യത്തിന്റെയും ലോകത്തിന്റെയും പ്രശ്നങ്ങളിൽ ഇന്നും അദ്ദേഹം തല്പരനാണ്. 'കേശവമേനോൻ മനുഷ്യർക്കിടയിൽ ഒരു പ്രതിഭാസമാണ്' എന്നു് ഏതാനും വർഷം മുമ്പ് ശ്രീ കെ. പി. എസ്. മേനോൻ എഴുതിയതിൽ അതിശയോക്തി ഒട്ടുംതന്നെ ഇല്ല.

തൊണ്ണൂററിമൂന്നാം പിറന്നാളിലെത്തി തിരിഞ്ഞുനോക്കുമ്പോൾ അദ്ദേഹം കാണുന്നതെന്തായിരിക്കും?

'ഏകാന്തതയിൽ ഒരു ജന്മദിനം' എന്നോ മററോ പേരിൽ തന്റെ ജന്മദിനചിന്തകൾ അദ്ദേഹം എഴുതും; വരുന്ന സെപ്തംബർ ഒന്നാം തീയ

തിയോ രണ്ടാം തീയതിയോ നമുക്ക് അതു വായിക്കുകയും ചെയ്യാം. അതിൽ എന്താണുണ്ടാവുക എന്ന് ഇപ്പോൾ പറയാൻ എനിക്കാവില്ല. എന്നാൽ, തൊണ്ണൂററിരണ്ടാം വയസ്സിൽനിന്നു തൊണ്ണൂററിമൂന്നാം വയസ്സിലേക്കു കടക്കുന്ന അദ്ദേഹത്തെ നോക്കുന്ന നമുക്ക്, നേട്ടങ്ങളുടെ ഒരു നീണ്ട പട്ടികതന്നെ കാണാൻ കഴിയും.

പാലക്കാട്ടു ജില്ലയിൽ ആലത്തൂർ താലൂക്കിൽ തരൂർ എന്ന ഗ്രാമത്തിൽ 'കിഴക്കെപ്പൊററെ' എന്ന വീട്ടിലാണ് അദ്ദേഹം പിറന്നത്. കിഴക്കെപ്പൊററെ അടക്കം തരൂരിലെ മൂന്നു തറവാടുകളിൽ ഏററവും പ്രായം ചെന്ന ആളായിരുന്നു; പാലക്കാട്ടു രാജാവിനു രാഷ്ട്രീയാധികാരമുണ്ടായിരുന്ന പഴയ കാലത്ത്, ആ രാജാവിൻെറ പടനായകനും പാലക്കാട്ടു നാട്ടിലെ 'തലച്ചെന്നോർ' എന്ന നാട്ടുപ്രമാണിയും. ഈ 'തലച്ചേന്നോർ' സ്ഥാനം പകുതി തമാശയായും പകുതി ഗൗരവമായും കേശവമേനോൻ ഇപ്പോഴും വഹിക്കുന്നുണ്ട്. പാലക്കാട്ടു രാജകുടുംബത്തോടു തലമുറകളായി വിവാഹബന്ധം പുലർത്തുന്ന ഒരു വീടാണ് കിഴക്കെപ്പൊററെ. കേശവമേനോൻെറ മാതാമഹനും പിതാവും പാലക്കാട്ടു രാജകുടുംബാംഗങ്ങളായിരുന്നു. അദ്ദേഹത്തിൻെറ രണ്ടു പത്നിമാരും ആ കുടുംബത്തിൽ പിറന്നവർ തന്നെയായിരുന്നു.

'കഴിഞ്ഞകാലം' എന്ന പ്രസിദ്ധമായ ആത്മകഥയിൽ കേശവമേനോൻെറ 'ചരിത്രം' ആർക്കും വായിക്കാവുന്നതാകയാൽ അതിവിടെ വിവരിക്കുന്നില്ല. കോഴിക്കോട്ടും മദ്രാസ്സിലുമായി വിദ്യാഭ്യാസം നടത്തി 1912-ൽ 26-ാം വയസ്സിൽ ബി. എ. പാസ്സാകുമ്പോഴേക്ക് അദ്ദേഹം വിവാഹിതനായിക്കഴിഞ്ഞിരുന്നു. ബി. എ. ജയിച്ച ഉടൻ കേശവമേനോൻ നിയമവിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേക്കു പോവുകയും ബാരിസ്റ്റർ പരീക്ഷ പാസ്സായി 1915—ൽ മടങ്ങിവരികയും ചെയ്തു. 1915 മുതൽ 1918 വരെ മൂന്നു വർഷം അദ്ദേഹം കോഴിക്കോട്ടു പ്രാക്ടീസ് ചെയ്തു. ഈ കാലത്താണ് മലബാർ പ്രദേശത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ പ്രവർത്തനം ആരംഭിച്ചത്. കോൺഗ്രസ്സിൻെറ സെക്രട്ടറിയും, ആനി ബസൻറിൻെറ നേതൃത്വത്തിൽ ആരംഭിച്ച ഹോംറൂൾ ലീഗിൻെറ സെക്രട്ടറിയും ആയിരുന്നു കേശവമേനോൻ. അയിത്തോച്ചാടനം മുതലായ കോൺഗ്രസ്സിൻെറ സാമൂഹ്യ പരിഷ്കരണ പരിപാടികളിലും അദ്ദേഹം സക്രിയ നേതൃത്വം നല്കി. വൈക്കം സത്യാഗ്രഹത്തിൻെറ ഉത്ഭവം ഈ പ്രവർത്തനങ്ങളിൽനിന്നാണ്; ആ സത്യാഗ്രഹത്തിൻെറ മുന്നണിനേതാവും അദ്ദേഹമായിരുന്നു. ഈ സത്യാഗ്രഹത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട ശേഷം ഏതാനും കാലം അദ്ദേഹം താമസിച്ച തിരുവനന്തപുരം സെൻട്രൽ ജയിൽ കുറച്ചു വർഷം മുമ്പ് അദ്ദേഹം വീണ്ടും സന്ദർശിക്കുകയുണ്ടായി.

1918 മുതൽ കുറച്ചു കാലം അദ്ദേഹം മദ്രാസ്സിൽ താമസിച്ച് ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്തുവെങ്കിലും, കോൺഗ്രസ് പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിന് 1921-ൽ വീണ്ടും കോഴിക്കോട്ടേക്കുതന്നെ മടങ്ങി. മാപ്പിളലഹളയ്ക്കു മുമ്പും ലഹളക്കാലത്തും അദ്ദേഹത്തിൻെറ ധീരസാഹസിക പ്രവർത്തനങ്ങൾ പലരും വിവരിച്ചിട്ടുണ്ട്. കോൺഗ്രസ് പ്രവർത്തനത്തിൻെറ ഒരു ഭാഗമായാണ് 1923 മാർച്ചിൽ അദ്ദേഹം 'മാതൃഭൂമി' പത്രം ആരംഭിച്ചത്. മൂലധനം ശേഖരിക്കുന്നതിലും പ്രസ്സ് സ്ഥാപിക്കുന്നതിലും പത്രം പ്രസിദ്ധീകരിക്കുന്നതിലും എല്ലാം പത്രാധിപരെന്ന നിലയിൽ അദ്ദേഹംതന്നെ മുന്നിട്ടു നിന്നു പ്രവർത്തിച്ചു. എന്നാൽ, സാമ്പത്തിക കാരണങ്ങളാൽ 1925-ൽ അദ്ദേഹം ഒരിക്കൽക്കൂടി താമസം മദിരാശിയിലേക്കു മാററി; 1927-ൽ ഇന്ത്യ വിട്ട് മലയയിലേക്കു പോവുകയും ചെയ്തു. പിന്നീട് 1946-ലാണ് അദ്ദേഹം കേരളത്തിലേക്കു മടങ്ങിയത്. മലയയിൽവെച്ച് ഇന്ത്യൻ ഇൻഡിപ്പെൻഡൻസ് ലീഗ് സംഘടിപ്പിക്കുന്നതിൽ

അദ്ദേഹം നിർവഹിച്ച പങ്കും, തുടർന്ന് ജപ്പാൻകാരുമായി വിയോജിച്ചതിനു ശേഷം അവരുടെ ജയിലിൽ അദ്ദേഹത്തിനനുഭവിക്കേണ്ടിവന്ന പീഡകളും എല്ലാവർക്കും അറിവുള്ളതാണ്. 'ഭൂതവും ഭാവിയും' എന്ന ഗ്രന്ഥത്തിൽ അദ്ദേഹംതന്നെ ഇതെല്ലാം വിവരിച്ചിട്ടുണ്ട്.

ഇന്ത്യയുടെ രാഷ്ട്രീയ നവോത്ഥാനത്തെ അതിന്റെ എല്ലാ മാനങ്ങളോടുംകൂടി കേരളത്തിൽ അവതരിപ്പിച്ച് സ്ഥിരമായി പ്രതിഷ്ഠിച്ചതാണ് കേശവമേനോന്റെ സംഭാവനകളിൽ ഏറ്റവും പ്രധാനമായ ഒന്ന്. കോൺഗ്രസ്സിന്റെ സന്ദേശം വിദൂരത്തിൽനിന്നുള്ള ഒരു ശംഖധ്വനിപോലെ അസ്പഷ്ടമായി മാത്രം കേട്ടിരുന്ന ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടും മൂന്നും ദശകങ്ങളിൽ കേശവമേനോൻ മറ്റെല്ലാം മറന്ന് ദേശീയ പ്രസ്ഥാനത്തിലേക്കിറങ്ങുകയും തന്റെ എല്ലാ സിദ്ധികളും ശക്തികളും ഈ പ്രസ്ഥാനത്തിനു സമർപ്പിക്കുകയും ചെയ്തു. ദേശീയ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയമായ വശത്തിലെന്നപോലെ, അതിന്റെ സാമൂഹ്യവും സാംസ്കാരികവുമായ ഉള്ളടക്കത്തിലും അദ്ദേഹം അത്യന്തം തല്പരനായിരുന്നു. കേരളീയരുടെ പഴയ തറവാടിത്തസങ്കല്പങ്ങളോടൊപ്പം ബ്രിട്ടീഷ് ലിബറലിസത്തിന്റെ ഉദാത്തഭാവനകളും ചേർന്നു രൂപംകൊണ്ട അദ്ദേഹത്തിന്റെ ഉജ്ജ്വല വ്യക്തിത്വം, അദ്ദേഹം ചെയ്യുന്ന ഏതു പ്രവൃത്തിക്കും തനതായ ഒരന്തസ്സും വിലയുമുണ്ടാക്കിക്കൊടുത്തു. ദേശീയ പ്രസ്ഥാനത്തിനു കേരളത്തിലെ അതിന്റെ ആദ്യത്തെ രണ്ടു ദശകങ്ങളിൽ അദ്ദേഹത്തിൽനിന്ന് ഉണ്ടായത്ര സേവനം മറ്റാരിൽനിന്നും ഉണ്ടായിട്ടില്ല. പിന്നീട് കേളപ്പൻ മാത്രമേ അത്രയും അർപ്പണബുദ്ധിയോടെ കേരളത്തിൽ കോൺഗ്രസ്സിനെ സേവിച്ചിട്ടുള്ളു.

സേവനത്തിന് അദ്ദേഹം തിരഞ്ഞെടുത്ത മറ്റൊരു രംഗം പത്രപ്രവർത്തനമായിരുന്നു. 1923-ൽ പ്രസിദ്ധീകരണം ആരംഭിച്ച മാതൃഭൂമി പത്രം കേശവമേനോന്റെ മസ്തിഷ്കസന്താനമായിരുന്നു. ആകൃതിയും പ്രകൃതിയും നിർണയിക്കപ്പെട്ട ആദ്യ വർഷങ്ങളിൽ 'മാതൃഭൂമി'യുടെ പത്രാധിപർ അദ്ദേഹമായിരുന്നു. 1925 ൽ അദ്ദേഹം മാതൃഭൂമിയുടെ പത്രാധിപത്യത്തിൽനിന്ന് വിരമിച്ചുവെങ്കിലും, ആ പത്രത്തോടുള്ള അദ്ദേഹത്തിന്റെ ബന്ധം ഗാഢമായിത്തന്നെ തുടർന്നു. 1948-ൽ മലയയിൽനിന്നു മടങ്ങിയ കേശവമേനോൻ വീണ്ടും മാതൃഭൂമിയുടെ പത്രാധിപത്യം കൈയേറ്റു. പിന്നീട് 1951-52 വർഷങ്ങളിൽ പതിനഞ്ചു മാസക്കാലം സിലോണിൽ ഇന്ത്യയുടെ ഹൈക്കമ്മീഷണർ ആയിരുന്നപ്പോൾ ഒഴിച്ച്, എല്ലായ്പോഴും മാതൃഭൂമിയുടെ ചീഫ് എഡിറ്റർ അദ്ദേഹംതന്നെയായിരുന്നു. റോട്ടറി അച്ചടിയന്ത്രം, വാർത്താ ഏജൻസിയുമായും കേരളത്തിലെ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലുമുള്ള സ്വന്തം ലേഖകന്മാരുമായും ദൽഹിയിലെ സ്വന്തം ലേഖകനുമായും നേരിട്ട് ടെലിപ്രിന്റർ ബന്ധം, കോഴിക്കോടിനു പുറമെ എറണാകുളത്തുനിന്നുകൂടി പ്രസദ്ധീകരണം, ആഴ്ചപ്പതിപ്പ് അച്ചടിക്കുന്നതിനുള്ള ഓഫ്സെറ്റ് പ്രസ്സ് മുതലായ ഭൗതികവിഭവങ്ങളെല്ലാം നേടി . വലിയ ഒരു സ്ഥാപനമായി മാതൃഭൂമി വളർന്നതു് കേശവമേനോൻ പത്രാധിപരായിരുന്ന ഈ രണ്ടാം കാലഘട്ടത്തിലാണ്. മലയാള പത്രപ്രവർത്തനരംഗത്തു് പല പുതുമകളും അവതരിപ്പിക്കാൻ മാതൃഭൂമിക്കു കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ സ്വത്താണെങ്കിലും, കേശവമേനോന്റെ സ്വന്തം പത്രമായി മാതൃഭൂമിയെ കണക്കാക്കുന്നവർ കുറവല്ല. ആ പത്രത്തോട് അദ്ദേഹത്തിന്റെ വ്യക്തിത്വം അത്രമാത്രം ഇഴുകിച്ചേർന്നിരിക്കുന്നു.

സാഹിത്യമാണ് കേശവമേനോന്റെ സേവനത്തിന്റെ മറ്റൊരു രംഗം. ഹൃദയാവർജകമായ അദ്ദേഹത്തിന്റെ ആത്മകഥ സാഹിത്യ അക്കാദമിയുടെ ദേശീയ സമ്മാനം നേടിയിട്ടുണ്ട്. മദ്രാസിൽ എഫ്. എ.

ക്ലാസ്സിൽ പഠിക്കുന്ന കാലത്ത്, 1906-ലോ 1907-ലോ എഴുതിയ ലാലാ ലാജ്പത് റായിയുടെ ജീവചരിത്രമാണ് അദ്ദേഹത്തിന്റെ ഒന്നാമത്തെ ഗ്രന്ഥം. 1912 മുതൽ 1915 വരെ ഇംഗ്ലണ്ടിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ അവിടത്തെ ജീവിതത്തെപ്പററി 'ബിലാത്തി വിശേഷം' എന്ന പേരിൽ അദ്ദേഹം എഴുതിയ ലേഖനങ്ങൾ കോഴിക്കോട്ടുനിന്നു പുറപ്പെട്ടിരുന്ന 'മനോരമ' എന്ന പത്രത്തിൽ അക്കാലത്തു പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇതു പിന്നീട് പുസ്തകാകൃതിയിൽ സമാഹരിക്കപ്പെട്ടു; 1960-നു ശേഷം ഇതിന്റെ വിപുലീകരിക്കപ്പെട്ട ഒരു പതിപ്പും പുറത്തിറങ്ങി. ഗോപാലകൃഷ്ണ ഗോഖലെ, ബാലഗംഗാധര തിലകൻ, മഹാത്മാഗാന്ധി എന്നിവരുടെ ജീവചരിത്രങ്ങൾ 1918-നു മുമ്പ് കോൺഗ്രസ് പ്രവർത്തനത്തിന്റെ ഒരു ഭാഗമായി എഴുതപ്പെട്ടു. മലയയിൽ താമസിക്കുന്ന കാലത്ത് എഴുതിയ ഏതാനും ചെറുകഥകളാണ് 'അസ്തമനം' എന്ന പേരിൽ സമാഹരിക്കപ്പെട്ടിട്ടുള്ളത്. രണ്ടാം മഹായുദ്ധകാലത്ത് തനിക്കുണ്ടായ അനുഭവങ്ങളും, യുദ്ധാനന്തര ലോകത്തിന്റെ ഭാവിയെപ്പററി തനിക്കുള്ള ചിന്തകളുമടങ്ങിയതാണ് 'ഭൂതവും ഭാവിയും' എന്ന പ്രൗഢഗ്രന്ഥം. 'കഴിഞ്ഞ കാലം' എന്ന അദ്ദേഹത്തിന്റെ ആത്മകഥയെപ്പററി പ്രസ്താവിച്ചല്ലോ. അധികം സമ്പുഷ്ടമല്ലാത്ത മലയാളത്തിലെ ജീവചരിത്രസാഹിത്യത്തിന് ശ്രീ കേശവമേനോൻ നൽകിയ സംഭാവനകളാണ് ജവാഹർലാൽ നെഹ്റു, മഹാത്മാഗാന്ധി, നവഭാരത ശില്പികൾ, യേശുക്രിസ്തു മുതലായവ. ജീവിതചിന്തകൾ, നാം മുന്നോട്ട്, പൂർണജീവിതം മുതലായ കൃതികളാകട്ടെ, മലയാളത്തിൽ തികച്ചും ഒററപ്പെട്ട നിലകൊള്ളുന്നു. ജീവിതപ്പോരിൽ തോററു തുലഞ്ഞ് നൈരാശ്യം ബാധിച്ചവരിൽ ആശയും ആവേശവും പകരുന്ന, ഉപദേശപ്രധാനങ്ങളെങ്കിലും ആത്മാർത്ഥതയിൽ വായനക്കാരെ ബലാൽ ആകർഷിക്കുന്ന, അത്തരം കൃതികളാണ് കേശവമേനോന്റെ ഏററവും മികച്ച സംഭാവനയെന്നു കരുതുന്നവർ കുറവല്ല. ഒരേ സമയം സൗമ്യവും ദീപ്തവും സരളവും ഗംഭീരവുമാണ് കേശവമേനോന്റെ ഗദ്യശൈലി. നിഘണ്ടു നോക്കി അർത്ഥമറിയേണ്ട ഒരൊററപ്പദവും അദ്ദേഹത്തിന്റെ പുസ്തകങ്ങളിലില്ല. സാധാരണ സംഭവങ്ങളെപ്പററി സാധാരണ സംസാരഭാഷയിൽ എഴുതുമ്പോഴും അസാധാരണമായ ഒരു ഗൗരവവും ഉദ്ദേശ്യശുദ്ധിയും അതിലുണ്ടെന്ന ബോധം വായനക്കാരിൽ അദ്ദേഹത്തിന്റെ രചനകൾ ഉളവാക്കുന്നു. മററു നേട്ടങ്ങളൊന്നുമില്ലായിരുന്നെങ്കിൽത്തന്നെ, സാഹിത്യപരമായ നേട്ടങ്ങളെ ആസ്പദമാക്കി കേരളചരിത്രത്തിൽ നിത്യസ്മരണീയമായ സ്ഥാനം അദ്ദേഹം നേടിയിരിക്കുന്നു.

സംഘടനയിൽ വിശ്വാസമുള്ള ഒരു വ്യക്തിയാണ് കേശവമേനോൻ. സംഘടനകൾ കെട്ടിപ്പടുക്കാനും അവയിലൂടെ പ്രവർത്തിക്കാനും അവയെക്കൊണ്ടു പ്രവർത്തിപ്പിക്കുവാനും അദ്ദേഹത്തിന് അതിയായ സാമർത്ഥ്യമുണ്ട്. കോൺഗ്രസ്സിലൂടെയുള്ള പ്രവർത്തനം അദ്ദേഹത്തിലെ സംഘാടകനെ ആദ്യമായി വെളിപ്പെടുത്തി. മലബാറിലെ ഓരോ വീട്ടിലും കോൺഗ്രസ്സിന്റെ സന്ദേശം ആദ്യമായി എത്തിച്ചതു് അദ്ദേഹമാണ്. മലയയിലെ ഇന്ത്യൻ ഇൻഡിപ്പെൻഡൻസ് ലീഗിനെപ്പററി പറഞ്ഞുവല്ലോ. മലയയിൽനിന്നു തിരിച്ചുവന്ന അദ്ദേഹം ഐക്യകേരള കമ്മററിയുടെ അദ്ധ്യക്ഷനായി, കേരളം രൂപവത്കൃതമാകുംവരെ, പ്രവർത്തിച്ചു. കേരള സാഹിത്യ അക്കാദമിയുടെ സ്ഥാപനകാലത്ത് അതിന്റെ വർക്കിങ് പ്രസിഡണ്ട് ആയിരുന്നു അദ്ദേഹം. ദക്ഷിണഭാഷാ ബുക്ക്ട്രസ്റ്റ്, മലബാർ ലോക്കൽ ലൈബ്രറി അഥോറിററി മുതലായ സ്ഥാപനങ്ങളുമായും അദ്ദേഹം ബന്ധപ്പെട്ടിരുന്നു. കോഴിക്കോട്ട് റോട്ടറി ക്ലബ്ബിനെ പല സേവനപ്രവർത്തനങ്ങളിലും പങ്കെടുപ്പിക്കുവാൻ അതിലെ ഒരംഗമെന്ന നിലയിൽ കേശവമേനോൻ സഫലമായി ശ്രമിച്ചിട്ടുണ്ട്. 'പൗരസംഘം' എന്ന

പേരിൽ ഒരു അരാഷ്ട്രീയ-സേവനസംഘം അദ്ദേഹം ആരംഭിക്കുകയുണ്ടായെങ്കിലും, നമ്മുടെ നാട്ടിലെ രാഷ്ട്രീയാതിപ്രസരത്തിൽ വേരുപിടിച്ചു വളരാൻ അതിനു കഴിഞ്ഞില്ല. തിരൂരിൽ തുഞ്ചൻ സ്മാരകമുണ്ടായതു് കേശവമേനോൻെറ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണു്. വള്ളത്തോഠം സ്മാരകപ്രസംഗങ്ങഠം നടത്തുന്നതിനു വേണ്ട പണം പിരിച്ചു് കേരള സർവകലാശാലയെ ഏല്പിച്ചതും അദ്ദേഹംതന്നെ. ഒരു സംഘടന എത്രതന്നെ അപ്രധാനമെങ്കിലും, കേശവമേനോൻ അതിൽ പ്രവർത്തിക്കുമ്പോഠം അതിനു് പ്രത്യേകമായ ഒരു ചൈതന്യവും പ്രാധാന്യവും ഉണ്ടാവുന്നതുപോലെ തോന്നും.

അവസാനമായി കേശവമേനോൻെറ ഏററവും വലിയ സംഭാവന അദ്ദേഹത്തിൻെറ വിശിഷ്ടമായ വ്യക്'തിത്വംതന്നെയാണു്. ദീർഘമായ ജീവിതത്തിൽ ഭാഗ്യമെന്നപോലെ നിർഭാഗ്യവും അദ്ദേഹത്തിനു് ധാരാളമുണ്ടായി. ഇരുപതാം നൂററാണ്ടിലെ ഒട്ടേറെ മഹാപുരുഷന്മാരുമായി—മഹാവനിതകളുമായി എന്നുകൂടി പറയണം—അടുത്തിടപെടുവാൻ അദ്ദേഹത്തിനു് അവസരം ലഭിച്ചു. അതുപോലെതന്നെ നല്ലവരും ചീത്തവരുമായ എത്രയോ സാധാരണക്കാരുടെ ജീവിതത്തിലേക്കും അദ്ദേഹം കടന്നുചെന്നു. അദ്ദേഹം ധാരാളം വായിച്ചു, ചിന്തിച്ചു, ധാരാളം പ്രസംഗിച്ചു, ധാരാളം പ്രസംഗങ്ങഠം കേട്ടു, ധാരാളം സഞ്ചരിച്ചു. ധാരാളമെഴുതി. ജീവിതത്തിൻെറ വ്യത്യസ്ത മണ്ഡലങ്ങഠം അദ്ദേഹം ശ്രദ്'ധാപൂർവം നിരീക്ഷിച്ചു. വ്യക്'തികളുടെയെന്നപോലെ ജനതകളുടെയും രാഷ്ട്രങ്ങളുടെയും ഉത്ഥാനപതനങ്ങഠം കണ്ടു. ഇതിൽനിന്നെല്ലാം തൻേറതായ, തികച്ചും പ്രായോഗികമായ, ഒരു ജീവിതദർശനം അദ്ദേഹം രൂപവല്ക്കരിച്ചിട്ടുണ്ടു്. വലിയവനും എളിയവനും തമ്മിൽ അദ്ദേഹത്തിനു വ്യത്യാസമില്ല. അളവററ സ്നേഹവും ആഴമേറിയ സഹതാപവും അദ്ദേഹം എല്ലാവർക്കും നൽകുന്നു. മനം മടുപ്പിക്കുന്ന ഒട്ടേറെ അനുഭവങ്ങളുണ്ടായിക്കൊണ്ടിരുന്നിട്ടും അദ്ദേഹം നിരാശനല്ല. നാട്ടിലെ കുട്ടികളുടെ കാര്യത്തിലാണു് ഇപ്പോഠം അദ്ദേഹത്തിനു് അധികം താല്പര്യം. അവരെ ഉത്തമ പൗരന്മാരായി വളർത്തുന്നതിനുള്ള വിപുലമായ സംവിധാനങ്ങഠം ഉണ്ടാക്കേണ്ടതിനെപ്പററിയാണു് ഈയിടെ കണ്ടപ്പോഠം അദ്ദേഹം കൂടുതൽ സംസാരിച്ചതു്. പ്രായത്തിൻെറ ക്ഷീണം ഉണ്ടെങ്കിലും അദ്ദേഹം നിരന്തരം പ്രവൃത്തിയിലേർപ്പെട്ടുകൊണ്ടിരിക്കുന്നു. തികച്ചും അന്ധനായിക്കഴിഞ്ഞതിനു ശേഷമാണു് അദ്ദേഹത്തിൻെറ പുസ്തകങ്ങളിൽ പ്രധാനപ്പെട്ടവ പലതും രചിക്കപ്പെട്ടതു്; മററുള്ളവരെക്കൊണ്ടു വായിപ്പിച്ചു് കേട്ടും, പറഞ്ഞുകൊടുത്തു് എഴുതിച്ചും. തൻെറ വരുമാനത്തിൽ ഭൂരിഭാഗവും അദ്ദേഹം കഷ്ടപ്പെടുന്നവർക്കു ചില്ലറ സഹായങ്ങഠം നൽകുന്നതിനായി ചെലവഴിക്കുന്നു. അദ്ദേഹത്തെ സന്ദർശിക്കുന്ന ആർക്കും ആശ്വസിപ്പിക്കുന്ന വാക്കുകളോ സ്നേഹപൂർണങ്ങളായ ഉപദേശങ്ങളോ കാലോചിതങ്ങളായ സഹായങ്ങളോ ലഭിക്കാതെ, നിരാശയോടെ മടങ്ങിപ്പോകേണ്ടിവന്നിട്ടില്ല.

ആ വ്യക്'തിത്വം അദ്വിതീയമാകുന്നു. അദ്ദേഹത്തെപ്പോലെ മറെറാരാഠം കേരളത്തിൽ ഇന്നില്ല. അദ്ദേഹത്തെ കാണുന്നതും, അദ്ദേഹത്തിൻെറ അടുത്തു് ഏതാനും സമയം കഴിച്ചുകൂട്ടുന്നതും അത്യന്തം ആഹ്ലാദകരമായ ഒരനുഭവമാണു്. അദ്ദേഹത്തിൻെറ സാന്നിദ്'ധ്യംതന്നെ വിശിഷ്ടമായ ഒരനുഗ്രഹമായി നമുക്കു തോന്നുന്നു.

ആ അനുഗ്രഹം ഇനിയുമെത്രയോ വർഷങ്ങളോളം നമുക്കു് തുടർന്നു കിട്ടുമാറാകട്ടെ!

9 ജൂലായ്, 1978

[illegible] 1978 [illegible] 9-[illegible]